പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 5547 | 02.07.2014- ൽ മറുപടിക്ക് |

## കാലടി സാമൂഹിക ആരോഗ്യകേന്ദ്രത്തിൽ എക്സ്റേ മെഷീൻ സ്ഥാപിക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | അങ്കമാലി നിയോജകമണ്ഡലത്തിലെ കാലടി സാമൂഹിക ആരോഗ്യകേന്ദ്രത്തിൽ എക്സ്റേ മെഷീൻ സ്ഥാപിക്കുന്നതിനായി ആസ്തി വികസന പദ്ധതിയിൽ നിന്നും 19/04/2013- ൽ 25 ലക്ഷം രൂപയ്ക്ക് ആരോഗ്യവകുപ്പ് ഭരണാനുമതി നൽകിയിട്ടും പ്രസ്തുത മെഷീൻ സ്ഥാപിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ; | എ) & ബി) | കാലടി സാമൂഹികരോഗ്യകേന്ദ്രത്തിൽ എക്സ്റേ യൂണിറ്റ് തുടങ്ങുവാൻ വേണ്ടി ബഹു. എം. എൽ. എ. ശ്രീ. ജോസ് തെറ്റയിലിന്റെ ആസ്തി വികസനഫണ്ടിൽ നിന്നും 25 ലക്ഷം രൂപ 19/04/2013 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 1419/13 ആകുവ പ്രകാരം അനുവദിച്ചിട്ടുണ്ട്. എക്സ്റേ യൂണിറ്റ് തുടങ്ങുവാനുള്ള മുറികൾ എ. ഇ. ആർ. ബി യുടെ നിബന്ധനകൾ അനുസരിച്ച് നവീകരിച്ച് സിവിൽവർക്കും ഇലക്ട്രിഫിക്കേഷൻ വർക്കും പൂർത്തിയായിട്ടുണ്ട് ഡി. ആർ. എസ്-ന്റെ സൈറ്റ് അപ്രൂവൽ ലഭിച്ചിട്ടുണ്ട്.<br>എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിന് 22,28,634/- (ഇരുപത്തിരണ്ട് ലക്ഷത്തി ഇരുപത്തി എണ്ണായിരത്തി അറുന്നൂറ്റി മുപ്പത്തി നാല്) രൂപ ലഭ്യമാക്കണമെന്ന് എറണാകുളം പൊതുമരാമത്ത് എക്സിക്യൂട്ടീവ് എൻജിനിയറോട് 22/02/2014 തീയതിയിൽ എറണാകുളം, ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.<br>പ്രസ്തുത സി. എച്ച്. സി. യിൽ റേഡിയോഗ്രാഫറിന്റെ തസ്തിക നിലവിലില്ല. എന്നാൽ എൻ. ആർ. എച്ച്. എം-ൽ നിന്നും താൽകാലികമായി റേഡിയോഗ്രാഫറെ നിയമിക്കാവുന്നതാണെന്ന് എൻ. ആർ. എച്ച്. എം ജില്ലാ പ്രോഗ്രാം മാനേജർ അറിയിച്ചിട്ടുണ്ട്. |
| ബി) | ഇത്തരത്തിൽ എന്നത്തേയ്ക്ക് സ്ഥാപിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**